സ്ഥിരം അദാലത്ത് സമിതിയുടെ ഒരു യോഗം 27-01-2025 രാവിലെ 10.30 ന് ചേർന്നു. പ്രസ്തുത യോഗത്തിന്റെ ഹാജരും തീരുമാനങ്ങളും

ഹാജർ

1. ശ്രീ. സതീശൻ കെ വി- കൺവീനർ & ഐവിഒ
2. ശ്രീ. നിധിൻകുമാർ എസ് - ഡെപ്യൂട്ടി ടൌൺ പ്ലാനർ, കണ്ണൂർ

അജണ്ട

കണ്ണപുരം ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ. ജോസ് ബാബു ടി , തെക്കൻ ഹൌസ്, അയ്യോത്ത്, കണ്ണപുരം എന്നവർ നൽകിയ പരാതി.

ഉള്ളടക്കം

ശ്രീ. ജോസ് ബാബു ടി എന്നവർ കണ്ണപുരം ഗ്രാമപഞ്ചായത്തിൽ ഇഎംഎസ് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച വീടിന് 8 വർഷം ആയിട്ടും കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല എന്നതാണ് പരാതി. പരാതിക്കാരൻ താൻ നിർമ്മിച്ച കെട്ടിടത്തിന് റോഡിന്റെ ഒരു വശത്ത് 2.5 മീറ്റർ മാത്രമാണ് തുറന്നസ്ഥലം ലഭിക്കുന്നത് എന്നും ഈ കാരണത്താലാണ് നമ്പർ അനുവദിക്കാതിരിക്കുന്നത് എന്നും താൻ റോഡിന് സ്ഥലം വിട്ടുകൊടിത്തിട്ടുണ്ട് എന്നത് പരിഗണിച്ച് കെട്ടിട നമ്പർ അനുവദിക്കുന്നതിന് നടപടി ഉണ്ടാവണമെന്നാണ് ആവശ്യപ്പടുന്നത്.

വസ്തുത

കണ്ണപുരം ഗ്രാമപഞ്ചായത്തിലെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും ഇഎംഎസ് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടുള്ളതായും 3 ഗഡു ഭവന നിർമ്മാണ ധനസഹായം നൽകിയതായും ബോധ്യപ്പെട്ടു. കെട്ടിട നിർമ്മാണ സ്ഥലം പരാതിക്കാരന്റേയും ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനിയർ, ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ പരിശോധിക്കുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ കണ്ണപുരം വില്ലേജിലെ റീ.സ നമ്പർ 290/180 ൽ പ്പെട്ട 1.86 ആർ വിസ്തീർണ്ണമുള്ള സ്ഥലത്ത് ശ്രീ. ജോസ് ബാബു. ടി മുതൽപേർ ഒരു വീട് നിർമ്മാണം പൂർത്തീകരിച്ച് നിലവിൽ കെട്ടിടത്തിൽ താമസിച്ചുവരുന്നുണ്ടെന്ന് ബോധ്യപ്പെട്ടു. കെട്ടിടം പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെട്ട 6 മീറ്റർ വീതിയുള്ള മടക്കര - ആയിരംതെങ്ങ് റോഡിനോട് ചേർന്നാണ് നിർമ്മിച്ചിരിക്കുന്നത്. പ്രസ്തുത റോഡിലേക്കാണ് കെട്ടിടത്തിന്റെ ഫ്രണ്ടേജ്. നിലവിൽ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ ഫ്രണ്ട് യാർഡിൽ ഉടനീളം ആവശ്യമായ 3 മീറ്റർ തുറന്ന സ്ഥലം ലഭ്യമല്ലെന്ന് കാണുന്നു. അനുവദിച്ച പെർമിറ്റിൽ നിന്നും വ്യതിചലിച്ചാണ് കെട്ടിട നിർമ്മാണം നടത്തിയിരിക്കുന്നത്. നിലവിൽ 2011 ലെ കെപിബിആർ ചട്ടം 27 (3) പ്രകാരം ആവശ്യമായ ദൂരപരിധികൾ പാലിച്ചിട്ടില്ല. നിലവിൽ കെട്ടിടത്തിന്റെ മുൻഭാഗത്തിന് കൂടിയ ഭാഗത്ത് 3.10 മീറ്ററും കുറഞ്ഞ ഭാഗത്ത് 2.2 മീറ്ററും മാത്രമാണ് ലഭ്യമാകുന്നത്.

നിലവിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം ഒക്യുപൻസി ലഭിക്കിന്നതിന് പൂർത്തീകരണ പ്ലാൻ , പൂർത്തീകരണ

സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഗ്രാമപഞ്ചായത്തിൽ അപേക്ഷകളൊന്നും സമർപ്പിച്ചിട്ടില്ല എന്ന് പരാതിക്കാരൻ അറിയിച്ചു.

നിലവിൽ പ്ലോട്ടിന്റെ വിസ്തീർണ്ണത്തിൽ വ്യത്യാസം കാണുന്നതിനാൽ വ്യക്തമായി അതിരുകൾ തിട്ടപ്പെടുത്താൻ സാധിക്കുന്നില്ല എന്ന് അസി.എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. പരിശോധനയിൽ കെട്ടിട നിർമ്മാണം 2019 നവംബർ 7 ന് മുമ്പായി പൂർത്തീകരിച്ചതാണെന്ന് ബോധ്യപ്പെട്ടു.

<u>തീരുമാനം</u>

2019 നവംബർ 7 ന് മുമ്പായി നടന്ന കെട്ടിട നിർമ്മാണമായതിനാൽ 2024 ലെ കേരളാ പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം ) ചട്ടങ്ങൾ പ്രകാരം ക്രമവത്കരിക്കുന്നതിനു ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന ജില്ലാ തല സമിതിക്ക് അപേക്ഷ നൽകുന്നതിന് പരാതിക്കാരോട് നിർദ്ദേശിച്ചു തീരുമാനിച്ചു.

യോഗം 11 മണിക്ക് അവസാനിച്ചു.